# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.527 07.01.2014-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

### പതിനാലാം ധനകാര്യ കമ്മീഷനു സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടം

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യകമ്മീഷന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ; മെമ്മോറാണ്ടം തയ്യാറാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി; ഇതു സംബന്ധിച്ച് ആരെല്ലാമായി ചർച്ച നടത്തി; | കേരളത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം പതിനാലാം ധനകാര്യ കമ്മിഷന് സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്.<br>നിവേദനത്തിന്റെ കരട് തയ്യാറാക്കുന്നതിന് ധനകാര്യ മന്ത്രി അദ്ധ്യക്ഷനും ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനായ ശ്രീ.കെ.എം.ചന്ദ്രശേഖർ, മുൻ കേന്ദ്ര റവന്യൂ സെക്രട്ടറി ശ്രീ.എം.ആർ.ശിവരാമൻ, സാമ്പത്തിക വിദഗ്ദന്മാരായ ശ്രീ.ഡി.നാരായണ, ശ്രീ.കെ.കെ.ജോർജ്ജ്, ശ്രീ.കെ.കെ.ജോൺ എന്നിവർ അടങ്ങിയ ഒരു സമിതി (മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി) രൂപീകരിച്ചു. പ്രസ്തുത സമിതി കമ്മീഷനു സമർപ്പിക്കേണ്ട സംസ്ഥാനത്തിന്റെ ആവശ്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും കരട് മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. കൂടാതെ, സംസ്ഥാനത്തെ വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളുമായി ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.12.2013 ന് ചർച്ച നടത്തി നിവേദനത്തിൽ ഉൾപ്പെടുത്തേണ്ടുന്ന ആവശ്യങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. |
| (ബി)<br>പതിനാലാം ധനകാര്യകമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ? | മെമ്മോറാണ്ടത്തിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ